**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** | **22-02-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഇ- ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ - ഹെൽത്ത് പദ്ധതി മലപ്പുറം ജില്ലയിൽ ശരിയായ രൂപത്തിൽ നടപ്പിലായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇ - ഹെൽത്ത് പദ്ധതി മലപ്പുറം ജില്ലയിൽ ഉൾപ്പെടെ സർക്കാർ ആശുപത്രികളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്. |
| (ബി) | ആരോഗ്യ പ്രവർത്തകർ ടാബ്ലെറ്റ് കമ്പ്യൂട്ടറുകളിലൂടെ ആധാർ നമ്പർ മുഖേന രോഗിയുടെ വിവരങ്ങൾ ശേഖരിക്കുന്ന ഒന്നാം ഘട്ടം പോലും ജില്ലയിൽ പൂർത്തിയായിട്ടില്ലാത്തതിനാൽ നടപടികൾ ത്വരിതപ്പെടുത്തുമോ; | (ബി) | കോവിഡ് വ്യാപനത്തെ തുടർന്ന് വിവര ശേഖരണം പൂർണ തോതിൽ നടത്താൻ കഴിഞ്ഞില്ല എങ്കിലും ജില്ലയിലെ 38,50,006 ആളുകളുടെ വിവര ശേഖരണം ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ് |
| (സി) | ബില്ലിംഗ്, ലാബ് പരിശോധന ഫലം എന്നിവ ഇ-ഹെൽത്ത് സോഫ്റ്റ് വെയർ മുഖേന ബന്ധിപ്പിക്കാത്തതു മൂലം മെഡിക്കൽ കോളേജുകളിൽ അടക്കം രോഗികൾ പ്രയാസപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ ബില്ലിംഗ്, ലാബ് പരിശോധന എന്നിവ ഇ ഹെൽത്ത് സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ